# 217

വാഴ്ത്തുവിൻ ശ്രീയേശുക്രിസ്തുവിനെ

1 ദൈവത്തിൻ പുത്രനവൻ വേദത്തിൻ സാരമവൻ
വാനവർ രാപ്പകൽ വീണു വണങ്ങുന്നോരുന്നത ദേവനവൻ
ഹല്ലെലുയ്യ പാടി വാഴ്ത്തിടുവിൻ

2 പാപത്തിൻ ഭാരത്താൽ നാം പാരം വലഞ്ഞ നേരം
ഘോരം കുരിശതിൽ ചോര ചൊരിഞ്ഞവൻ
വീടുത്തല്ലോ നമ്മെ
ഹല്ലെലുയ്യ പാടി വാഴ്ത്തിടുവിൻ

3 ഇത്ര നല്ല രക്ഷകനെയെത്രയാരാധിച്ചാലും
ഭക്തരിന്നാഗ്രഹം തീരുകില്ലൽപ്പവു
മെത്രയോ നിസ്തുലൻ താൻ!
ഹല്ലെലുയ്യ പാടി വാഴ്ത്തിടുവിൻ

4 കർത്താധി കർത്താവു താൻ രാജാധിരാജാവു താൻ
വിണ്ണിലും മന്നിലും സർവ്വാധികാരവും
പ്രാപിച്ച നായകൻ താൻ
ഹല്ലെലുയ്യ പാടി വാഴ്ത്തിടുവിൻ

5 ക്രിസ്തുവിൻ തൃപ്പാദത്തിൽ ഭക്തിയോടെപ്പൊഴുമേ
സ്തോത്രവും സ്തുതിയും മാനം മഹത്ത്വവും
അർപ്പിച്ചു കുമ്പിടുവിൻ
ഹല്ലെലുയ്യ പാടി വാഴ്ത്തിടുവിൻ-